DEPARTMENT OF HEALTH SERVICES KERALAM

GOVERNMENT OF KERALA

NATIONAL RURAL HEALTH MISSION
राष्ट्रीय ग्रामीण स्वास्थ्य मिशन

# പകർച്ചവ്യാധി കലണ്ടർ



## കേരളം

കേരളത്തെ ബാധിക്കുന്ന പഴയതും പുതിയതുമായ നിരവധി പകർച്ചവ്യാധികളുണ്ട്. സംസ്ഥാനം ഉഷ്ണമേഖലാ പ്രദേശത്ത് സ്ഥിതിചെയ്യുന്നതിനാലും ഭൂപ്രകൃതിയുടെ പ്രത്യേകതകളാലും ചില രോഗങ്ങൾ കൂടുതലായി പടരുന്നു. ഇത് കൂടാതെ, ഉയർന്ന ജനസാന്ദ്രതയും ഭക്ഷ്യ-ജല മലിനീകരണവും ശുചിത്വശീലങ്ങളുടെ കുറവും ഋതുഭേദങ്ങളും കാലാവസ്ഥാ മാറ്റങ്ങളും ഒക്കെ രോഗവ്യാപനം വർദ്ധിപ്പിക്കുന്നു.

വ്യത്യസ്ത രോഗങ്ങളുടെ വ്യാപനത്തിന്റെ പ്രവണതകളെക്കുറിച്ച് ശാസ്ത്രലോകത്തിന് വ്യക്തമായ അറിവുള്ളതിനാൽ രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കാൻ കഴിയും. എന്നാൽ ഈ അറിവ് പൊതുജനങ്ങൾക്കിടയിൽ സാർവത്രികമല്ല. അതിനാൽ രോഗങ്ങൾക്കെതിരെ സമൂഹത്തിന്റെ തയ്യാറെടുപ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും പലപ്പോഴും പരാജയപ്പെടുകയും അതുവഴി രോഗവ്യാപനവും മരണങ്ങളും വർദ്ധിക്കുകയും ചെയ്യുന്നു.

രോഗവ്യാപനവും മരണങ്ങളും ഒഴിവാക്കുന്നതിൽ ആരോഗ്യവകുപ്പിന് പ്രധാന ഉത്തരവാദിത്വമുണ്ട്. രോഗപ്രതിരോധവും ചികിത്സയും ഫലപ്രദമാകാൻ ആരോഗ്യവകുപ്പിനൊപ്പം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും പൊതുജനങ്ങളുടെയും ഒരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഈ ഏകോപനത്തിന് നേതൃത്വം കൊടുക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ആരോഗ്യവകുപ്പ് ആദ്യമായി ഒരു പകർച്ചവ്യാധി കലണ്ടർ പ്രസിദ്ധീകരിക്കുന്നത്. ഈ കലണ്ടർ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകേണ്ടതുണ്ട്.

ഓരോ മാസവും കേരളത്തിന് പ്രസക്തമായ രോഗങ്ങൾ, അവയുടെ ലക്ഷണങ്ങൾ, പകരുന്ന വിധം, വ്യക്തികളും സമൂഹവും ചെയ്യേണ്ട കാര്യങ്ങൾ എന്നിവ ഈ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളിൽ അവബോധം വർദ്ധിപ്പിച്ച് രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുകയും രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഉടൻ ചികിത്സ തേടുന്ന രീതി പ്രോത്സാഹിപ്പിക്കുകയുമാണ് ഈ കലണ്ടറിന്റെ ലക്ഷ്യം. ആരോഗ്യവകുപ്പ് നിയമിച്ച ഹൈ പവർ ഉപദേശക സമിതിയുടെ മേൽനോട്ടത്തിൽ കേരളത്തിലെ ആരോഗ്യവിദഗ്ധരാണ് ഈ കലണ്ടർ തയ്യാറാക്കിയത്. നിലവിൽ ലഭ്യമായ വിവരങ്ങളാണ് ഈ കലണ്ടറിന്റെ അടിസ്ഥാനം. പുതിയ ശാസ്ത്രീയ വിവരങ്ങൾ ലഭിക്കുന്നതിനനുസരിച്ച് ആരോഗ്യവകുപ്പ് ഈ കലണ്ടർ പുതുക്കിക്കൊണ്ടേയിരിക്കും.



# ജനുവരി | പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാദ്ധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഡെങ്കിപ്പനി \| Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **ഇൻഫ്ലുവൻസ (ഫ്ലൂ) \| Influenza (Flu)**<br>ലക്ഷണങ്ങൾ: പനി, ചുമ, ശരീര വേദന, തൊണ്ടവേദന.<br>പകർച്ച: വായുവിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കുക. രോഗികൾ പൊതുസ്ഥലങ്ങൾ കഴിവതും ഒഴിവാക്കുക, നിർബന്ധമായും മാസ്ക് ധരിക്കുക. മുതിർന്നവരും രോഗതീവ്രത കൂടാൻ സാദ്ധ്യതയുള്ളവരും* എല്ലാ വർഷവും ഇൻഫ്ലുവൻസ പ്രതിരോധ കുത്തിവയ്പെടുക്കുന്നത് നല്ലതാണ്. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക.<br>ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുകയും വിശ്രമിക്കുകയും ചെയ്യുക. |
| **ചിക്കൻപോക്സ് \| Chickenpox**<br>ലക്ഷണങ്ങൾ: പനി, തലവേദന, തൊലിയിൽ കുമിളകളും ചൊറിച്ചിലും.<br>പകർച്ച: രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ പുറത്തേയ്ക്ക് തെറിക്കുന്ന സ്രവകണങ്ങളിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | രോഗബാധിതരുമായുള്ള സമ്പർക്കം ഒഴിവാക്കുക. തൊലിയിൽ കുമിളകൾ കണ്ടാൽ ചികിത്സ തേടുക. പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്.* | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. രോഗി മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുക. ഡോക്ടറുടെ നിർദ്ദേശാനസരണം മരുന്ന് കഴിക്കുക. |
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ചെള്ള് പനി \| Scrub Typhus**<br>ലക്ഷണങ്ങൾ: പനിയോടൊപ്പം ശക്തമായ തലവേദന, ശരീരത്തിൽ ചുവന്ന/കറുത്ത, പൊള്ളിയത് പോലുള്ള വ്രണം (eschar).<br>പകർച്ച: പ്രധാനമായും പുല്ലിലും കുറ്റിക്കാട്ടിലും കാണുന്ന ചെള്ളിലൂടെ. | പുല്ലിലും കുറ്റിക്കാട്ടിലും ഇറങ്ങുമ്പോൾ ദേഹത്ത് ചെള്ള് പറ്റിപ്പിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ബൂട്ട്, ഗ്ലൗസ് തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുക. വ്യക്തിശുചിത്വം പാലിക്കുക. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. |

* അമിതവണ്ണമുള്ളവർ, വൃക്കരോഗമുള്ളവർ, കരൾവീക്കമുള്ളവർ, അനിയന്ത്രിത പ്രമേഹമുള്ളവർ, ഹൃദ്രോഗമുള്ളവർ, ശ്വാസകോശരോഗങ്ങൾ ഉള്ളവർ, അർബുദമുള്ളവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ കഴിക്കുന്നവർ, ഗർഭിണികൾ.

*ദേശീയ രോഗപ്രതിരോധ പരിപാടിയിൽ ഈ വാക്സിൻ സൗജന്യമായി നൽകുന്നില്ല. മാർക്കറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്.

വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി. • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# ഫെബ്രുവരി | പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാദ്ധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഇൻഫ്ലുവൻസ (ഫ്ലൂ) \| Influenza (Flu)**<br>ലക്ഷണങ്ങൾ: പനി, ചുമ, ശരീര വേദന, തൊണ്ടവേദന.<br>പകർച്ച: വായുവിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും | തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കുക. രോഗികൾ പൊതുസ്ഥലങ്ങൾ കഴിവതും ഒഴിവാക്കുക, നിർബന്ധമായും മാസ്ക് ധരിക്കുക. മുതിർന്നവരും രോഗതീവ്രത കൂടുവാൻ സാദ്ധ്യതയുള്ളവരും* എല്ലാ വർഷവും ഇൻഫ്ലുവൻസ പ്രതിരോധ കുത്തിവയ്പെടുക്കുന്നത് നല്ലതാണ്. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുകയും വിശ്രമിക്കുകയും ചെയ്യുക. |
| **ഡെങ്കിപ്പനി \| Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **മഞ്ഞപ്പിത്തം \| Hepatitis A**<br>ലക്ഷണങ്ങൾ: പനി, ഛർദി, അമിതമായ ക്ഷീണം.  കണ്ണിൻറെ വെള്ള, ത്വക്ക്, മൂത്രം, നഖങ്ങൾ എന്നിവയിൽ മഞ്ഞനിറം. വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക.<br><br>പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ചിക്കൻപോക്സ് \| Chickenpox**<br>ലക്ഷണങ്ങൾ: പനി, തലവേദന, തൊലിയിൽ കുമിളകളും ചൊറിച്ചിലും.<br>പകർച്ച: രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ പുറത്തേയ്ക്ക് തെറിക്കുന്ന സ്രവകണങ്ങളിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | രോഗബാധിതരുമായുള്ള സമ്പർക്കം ഒഴിവാക്കുക. തൊലിയിൽ കുമിളകൾ കണ്ടാൽ ചികിത്സ തേടുക. പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്.* | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. രോഗി മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുക. ഡോക്ടറുടെ നിർദ്ദേശാനസരണം മരുന്ന് കഴിക്കുക. |
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |

* അമിതവണ്ണമുള്ളവർ, വൃക്കരോഗമുള്ളവർ, കരൾവീക്കമുള്ളവർ, അനിയന്ത്രിത പ്രമേഹമുള്ളവർ, ഹൃദ്രോഗമുള്ളവർ, ശ്വാസകോശരോഗങ്ങൾ ഉള്ളവർ, അർബുദമുള്ളവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ കഴിക്കുന്നവർ, ഗർഭിണികൾ.

*ദേശീയ രോഗപ്രതിരോധ പരിപാടിയിൽ ഈ വാക്സിൻ സൗജന്യമായി നൽകുന്നില്ല. മാർക്കറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്.

വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി.  • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# മാർച്ച് | പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാദ്ധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഇൻഫ്ലുവൻസ (ഫ്ലൂ) \| Influenza (Flu)**<br>ലക്ഷണങ്ങൾ: പനി, ചുമ, ശരീര വേദന, തൊണ്ടവേദന.<br>പകർച്ച: വായുവിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കുക. രോഗികൾ പൊതുസ്ഥലങ്ങൾ കഴിവതും ഒഴിവാക്കുക, നിർബന്ധമായും മാസ്ക് ധരിക്കുക. മുതിർന്നവരും രോഗതീവ്രത കൂടുവാൻ സാദ്ധ്യതയുള്ളവരും* എല്ലാ വർഷവും ഇൻഫ്ലുവൻസ പ്രതിരോധ കുത്തിവയ്പെടുക്കുന്നത് നല്ലതാണ്. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുകയും വിശ്രമിക്കുകയും ചെയ്യുക. |
| **ചിക്കൻപോക്സ് \| Chickenpox**<br>ലക്ഷണങ്ങൾ: പനി, തലവേദന, തൊലിയിൽ കുമിളകളും ചൊറിച്ചിലും.<br>പകർച്ച: രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ പുറത്തേയ്ക്ക് തെറിക്കുന്ന സ്രവകണങ്ങളിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | രോഗബാധിതരുമായുള്ള സമ്പർക്കം ഒഴിവാക്കുക. തൊലിയിൽ കുമിളകൾ കണ്ടാൽ ചികിത്സ തേടുക. പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്.* | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. രോഗി മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുക. ഡോക്ടറുടെ നിർദ്ദേശാനസരണം മരുന്ന് കഴിക്കുക. |
| **ചെള്ള് പനി \| Scrub Typhus**<br>ലക്ഷണങ്ങൾ: പനിയോടൊപ്പം ശക്തമായ തലവേദന, ശരീരത്തിൽ ചുവന്ന/കറുത്ത, പൊള്ളിയത് പോലുള്ള വ്രണം (eschar).<br>പകർച്ച: പ്രധാനമായും പുല്ലിലും കുറ്റിക്കാട്ടിലും കാണുന്ന ചെള്ളിലൂടെ. | പുല്ലിലും കുറ്റിക്കാട്ടിലും ഇറങ്ങുമ്പോൾ ദേഹത്ത് ചെള്ള് പറ്റിപ്പിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ബൂട്ട്, ഗ്ലൗസ് തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുക. വ്യക്തിശുചിത്വം പാലിക്കുക. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. |
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |

* അമിതവണ്ണമുള്ളവർ, വൃക്കരോഗമുള്ളവർ, കരൾവീക്കമുള്ളവർ, അനിയന്ത്രിത പ്രമേഹമുള്ളവർ, ഹൃദ്രോഗമുള്ളവർ, ശ്വാസകോശരോഗങ്ങൾ ഉള്ളവർ, അർബുദമുള്ളവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ കഴിക്കുന്നവർ, ഗർഭിണികൾ.

*ദേശീയ രോഗപ്രതിരോധ പരിപാടിയിൽ ഈ വാക്സിൻ സൗജന്യമായി നൽകുന്നില്ല. മാർക്കറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്.

വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി. • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# ഏപ്രിൽ | പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ഡെങ്കിപ്പനി \| Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **മഞ്ഞപ്പിത്തം \| Hepatitis A**<br>ലക്ഷണങ്ങൾ: പനി, ഛർദി, അമിതമായ ക്ഷീണം. കണ്ണിൻറെ വെള്ള, ത്വക്ക്, മൂത്രം, നഖങ്ങൾ എന്നിവയിൽ മഞ്ഞനിറം. വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക.<br>പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ചിക്കൻപോക്സ് \| Chickenpox**<br>ലക്ഷണങ്ങൾ: പനി, തലവേദന, തൊലിയിൽ കുമിളകളും ചൊറിച്ചിലും.<br>പകർച്ച: രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ പുറത്തേയ്ക്ക് തെറിക്കുന്ന സ്രവകണങ്ങളിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | രോഗബാധിതരുമായുള്ള സമ്പർക്കം ഒഴിവാക്കുക. തൊലിയിൽ കുമിളകൾ കണ്ടാൽ ചികിത്സ തേടുക. പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്.* | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. രോഗി മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുക. ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുക. |
| **എലിപ്പനി \| Leptospirosis**<br>ലക്ഷണങ്ങൾ: പെട്ടെന്നുള്ള കടുത്ത പനി, വിറയൽ, തലവേദന, പേശിവേദന.<br>പകർച്ച: എലി, കന്നുകാലി, നായ്ക്കൾ, പന്നി തുടങ്ങിയ മൃഗങ്ങളുടെ മൂത്രത്തിലൂടെ രോഗകാരിയായ ബാക്ടീരിയ മണ്ണിലും വെള്ളത്തിലും കലരുന്നു. അതുമായി നേരിട്ട് സമ്പർക്കത്തിൽ വരുമ്പോൾ മനുഷ്യ ശരീരത്തിലെ പോറലുകളിലൂടെയും മുറിവുകളിലൂടെയും രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നു. | ശരീരത്തിൽ മുറിവുകൾ ഉള്ളവർ മലിനജല സമ്പർക്കം ഒഴിവാക്കുക. നിർമ്മാണ, ശുചീകരണ തൊഴിലാളികളും കൃഷിപ്പണിക്കാരും വ്യക്തിഗത സുരക്ഷയ്ക്കായി ബൂട്ട്, കൈയുറ എന്നിവ ഉപയോഗിക്കുക.<br><br>എലിപ്പനിക്കെതിരെ 'ഡോക്സിസൈക്ലിൻ' പ്രതിരോധ ഗുളികൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. | എലിപ്പനി പടരുന്ന മാസങ്ങളിലോ പ്രദേശങ്ങളിലോ രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തിരമായി ചികിത്സ തേടുക. ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മരുന്ന് കഴിക്കുക. |
| **അമീബിക് മസ്തിഷ്കജ്വരം \| Amoebic Meningoencephalitis**<br>ലക്ഷണങ്ങൾ: കടുത്ത തലവേദന, തീവ്രമായ പനി, ഓക്കാനം, ഛർദി, വെളിച്ചത്തിലേയ്ക്ക് നോക്കാൻ ബുദ്ധിമുട്ട്, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട്, ജന്നി.<br>പകർച്ച: ജലത്തിലും മണ്ണിലും ജീവിക്കുന്ന ഒരിനം അമീബ മൂക്കിലൂടെയോ മുറിവുകളിലൂടെയോ മനുഷ്യൻറെ തലച്ചോറിലെത്തി രോഗമുണ്ടാക്കുന്നു. | ക്ലോറിനേറ്റ് ചെയ്യാത്ത കിണറിലെയും ടാങ്കിലെയും വെള്ളത്തിലും, ഒഴുക്കില്ലാത്ത ജലാശയങ്ങളിലും കുളിക്കുന്നതും മുഖവും വായും കഴുകുന്നതും ഒഴിവാക്കുക. | രോഗലക്ഷണങ്ങൾ ഉണ്ടായാൽ അടിയന്തിരമായി ചികിത്സ തേടുക. കിണറുകളിലും നീന്തൽ കുളങ്ങളിലും ക്ലോറിനേഷൻ ഉറപ്പാക്കുക. |

*ദേശീയ രോഗപ്രതിരോധ പരിപാടിയിൽ ഈ വാക്സിൻ സൗജന്യമായി നൽകുന്നില്ല. മാർക്കറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്. വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി. • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# മെയ്

## പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഡെങ്കിപ്പനി \| Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **ചിക്കുൻഗുനിയ \| Chikungunya**<br>ലക്ഷണങ്ങൾ: കടുത്ത പനി, സന്ധിവേദന, സന്ധികളിൽ നീര്, തൊലിയിൽ തടിപ്പുകൾ.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **മഞ്ഞപ്പിത്തം \| Hepatitis A**<br>ലക്ഷണങ്ങൾ: പനി, ഛർദി, അമിതമായ ക്ഷീണം. കണ്ണിൻറെ വെള്ള, ത്വക്ക്, മൂത്രം, നഖങ്ങൾ എന്നിവയിൽ മഞ്ഞനിറം. വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. പ്രതിരോധ കുത്തിവയ്പ് ലഭ്യമാണ്. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ടൈഫോയിഡ് \| Typhoid**<br>ലക്ഷണങ്ങൾ: കടുത്ത പനി, വയറിളക്കം, വയറുവേദന, ഛർദി, വിശപ്പില്ലായ്മ, ക്ഷീണം, തൊലിയിൽ പിങ്ക് നിറത്തിൽ പാടുകൾ.<br>പകർച്ച: മലിനമായ ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും. രോഗിയുടെ മലത്തിൽ നിന്നാണ് രോഗാണു ഭക്ഷണ പാനീയങ്ങളിൽ എത്തുന്നത്. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **എലിപ്പനി \| Leptospirosis**<br>ലക്ഷണങ്ങൾ: പെട്ടെന്നുള്ള കടുത്ത പനി, വിറയൽ, തലവേദന, പേശിവേദന.<br>പകർച്ച: എലി, കന്നുകാലി, നായ്ക്കൾ, പന്നി തുടങ്ങിയ മൃഗങ്ങളുടെ മൂത്രത്തിലൂടെ രോഗകാരിയായ ബാക്ടീരിയ മണ്ണിലും വെള്ളത്തിലും കലരുന്നു. അതുമായി നേരിട്ട് സമ്പർക്കത്തിൽ വരുമ്പോൾ മനുഷ്യ ശരീരത്തിലെ പോറലുകളിലൂടെയും മുറിവുകളിലൂടെയും രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നു. | ശരീരത്തിൽ മുറിവുകൾ ഉള്ളവർ മലിനജല സമ്പർക്കം ഒഴിവാക്കുക. നിർമ്മാണ, ശുചീകരണ തൊഴിലാളികളും കൃഷിപ്പണിക്കാരും വ്യക്തിഗത സുരക്ഷയ്ക്കായി ബൂട്ട്, കൈയുറ എന്നിവ ഉപയോഗിക്കുക.<br><br>എലിപ്പനിക്കെതിരെ 'ഡോക്സിസൈക്ലിൻ' പ്രതിരോധ ഗുളികൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. | എലിപ്പനി പടരുന്ന മാസങ്ങളിലോ പ്രദേശങ്ങളിലോ രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തിരമായി ചികിത്സ തേടുക.<br>ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മരുന്ന് കഴിക്കുക. |

* അമിതവണ്ണമുള്ളവർ, വൃക്കരോഗമുള്ളവർ, കരൾവീക്കമുള്ളവർ, അനിയന്ത്രിത പ്രമേഹമുള്ളവർ, ഹൃദ്രോഗമുള്ളവർ, ശ്വാസകോശരോഗങ്ങൾ ഉള്ളവർ, അർബുദമുള്ളവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ കഴിക്കുന്നവർ, ഗർഭിണികൾ.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്. വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി. • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# ജൂൺ

## പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഇൻഫ്ലുവൻസ (ഫ്ലൂ) \| Influenza (Flu)**<br>ലക്ഷണങ്ങൾ: പനി, ചുമ, ശരീര വേദന, തൊണ്ടവേദന.<br>പകർച്ച: വായുവിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കുക. രോഗികൾ പൊതുസ്ഥലങ്ങൾ കഴിവതും ഒഴിവാക്കുക, നിർബന്ധമായും മാസ്ക് ധരിക്കുക. മുതിർന്നവരും രോഗതീവ്രത കൂടുവാൻ സാധ്യതയുള്ളവരും* എല്ലാ വർഷവും ഇൻഫ്ലുവൻസ പ്രതിരോധ കുത്തിവയ്പെടുക്കുന്നത് നല്ലതാണ്. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക. ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുകയും വിശ്രമിക്കുകയും ചെയ്യുക. |
| **ഡെങ്കിപ്പനി \| Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **വയറിളക്ക രോഗം \| Diarrhoeal Disease**<br>ലക്ഷണങ്ങൾ: ദിവസം മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ വയറിളക്കം, വയറുവേദന.<br>പകർച്ച: മലിനമായ ഭക്ഷണപാനീയങ്ങളിലൂടെ. ശുചിത്വ സൗകര്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ കുറവ് മൂലം. | ഭക്ഷ്യ-ജല ശുചിത്വവും ശൗചാലയ ശുചിത്വവും പാലിക്കുക. കൈകൾ വൃത്തിയായി സൂക്ഷിക്കുക. ടോയ്‌ലറ്റിൽ പോയാൽ സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തു നിന്നുള്ള സുരക്ഷിതമല്ലാത്ത ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ഷിഗെല്ലോസിസ് \| Shigellosis**<br>ലക്ഷണങ്ങൾ: രക്തം കലർന്ന വയറിളക്കം, അസഹനീയമായ വയറുവേദന, പെട്ടെന്നുണ്ടാകുന്ന പനിയും ഛർദിയും<br>പകർച്ച: മലിനമായ ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും. രോഗിയുടെ മലത്തിൽ നിന്നാണ് രോഗാണു ഭക്ഷണ പാനീയങ്ങളിൽ എത്തുന്നത്. | ഭക്ഷണത്തിന് മുൻപും ശൗചാലയം ഉപയോഗിച്ച ശേഷവും കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകുക.<br>കുടിക്കാനും പാചകം ചെയ്യാനും ശുദ്ധമായ/തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കുക.<br>ഈച്ച വരാതെ ഭക്ഷണങ്ങൾ അടച്ചു സൂക്ഷിക്കുക. | ധാരാളം വെള്ളം കുടിക്കുക. നിർജലീകരണം ഒഴിവാക്കാൻ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഒ.ആർ.എസ് ലായനി എന്നിവ കുടിക്കുക. കഠിനമായ വയറിളക്കം ഉണ്ടായാൽ ഡോക്ടറെ കാണുക.<br>വയറിളക്കരോഗമുള്ളവർ ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യരുത്, കൈകാര്യം ചെയ്യരുത്. |
| **ചിക്കുൻഗുനിയ \| Chikungunya**<br>ലക്ഷണങ്ങൾ: കടുത്ത പനി, സന്ധിവേദന, സന്ധികളിൽ നീര്, തൊലിയിൽ തടിപ്പുകൾ.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **എലിപ്പനി \| Leptospirosis**<br>ലക്ഷണങ്ങൾ: പെട്ടെന്നുള്ള കടുത്ത പനി, വിറയൽ, തലവേദന, പേശിവേദന.<br>പകർച്ച: എലി, കന്നുകാലി, നായ്ക്കൾ, പന്നി തുടങ്ങിയ മൃഗങ്ങളുടെ മൂത്രത്തിലൂടെ രോഗകാരിയായ ബാക്ടീരിയ മണ്ണിലും വെള്ളത്തിലും കലരുന്നു. അതുമായി നേരിട്ട് സമ്പർക്കത്തിൽ വരുമ്പോൾ മനുഷ്യ ശരീരത്തിലെ പോറലുകളിലൂടെയും മുറിവുകളിലൂടെയും രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നു.. | ശരീരത്തിൽ മുറിവുകൾ ഉള്ളവർ മലിനജല സമ്പർക്കം ഒഴിവാക്കുക. നിർമ്മാണ, ശുചീകരണ തൊഴിലാളികളും കൃഷിപ്പണിക്കാരും വ്യക്തിഗത സുരക്ഷയ്ക്കായി ബൂട്ട്, കൈയുറ എന്നിവ ഉപയോഗിക്കുക.<br><br>എലിപ്പനിക്കെതിരെ 'ഡോക്സിസൈക്ലിൻ' പ്രതിരോധ ഗുളികൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. | എലിപ്പനി പടരുന്ന മാസങ്ങളിലോ പ്രദേശങ്ങളിലോ രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തിരമായി ചികിത്സ തേടുക. ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മരുന്ന് കഴിക്കുക. |

* അമിതവണ്ണമുള്ളവർ, വൃക്കരോഗമുള്ളവർ, കരൾവീക്കമുള്ളവർ, അനിയന്ത്രിത പ്രമേഹമുള്ളവർ, ഹൃദ്രോഗമുള്ളവർ, ശ്വാസകോശരോഗങ്ങൾ ഉള്ളവർ, അർബുദമുള്ളവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ കഴിക്കുന്നവർ, ഗർഭിണികൾ.

മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ മറ്റ് മാസങ്ങളിലും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ സ്ഥിരമായ ജാഗ്രത ആവശ്യമാണ്. വർഷം മുഴുവൻ ജാഗ്രത: പേവിഷബാധ • ക്ഷയം • എച്ച്.ഐ.വി. • കോവിഡ്-19 • വയറിളക്കരോഗങ്ങൾ •ചിക്കൻപോക്സ്

# ജൂലൈ | പകർച്ചവ്യാധി കലണ്ടർ

## ഈ മാസം പകരാൻ സാദ്ധ്യതയുള്ള രോഗങ്ങൾ

| രോഗം | വ്യക്തി / സമൂഹം ചെയ്യേണ്ടത് | പ്രത്യേകം ശ്രദ്ധിക്കുക |
|---|---|---|
| **ഡെങ്കിപ്പനി Dengue**<br>ലക്ഷണങ്ങൾ: കടുത്ത പനി, ശക്തമായ തലവേദന, ശരീരവേദന, സന്ധിവേദന, കണ്ണിന് പിന്നിൽ വേദന, ഓക്കാനം, ഛർദി, ക്ഷീണം.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **ഇൻഫ്ലുവൻസ (ഫ്ലൂ) \| Influenza (Flu)**<br>ലക്ഷണങ്ങൾ: പനി, ചുമ, ശരീര വേദന, തൊണ്ടവേദന.<br>പകർച്ച: വായുവിലൂടെയും രോഗിയുമായുള്ള സമ്പർക്കത്തിലൂടെയും. | തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കുക. രോഗികൾ പൊതുസ്ഥലങ്ങൾ കഴിവതും ഒഴിവാക്കുക, നിർബന്ധമായും മാസ്ക് ധരിക്കുക. മുതിർന്നവരും രോഗതീവ്രത കൂടുവാൻ സാദ്ധ്യതയുള്ളവരും* എല്ലാ വർഷവും ഇൻഫ്ലുവൻസ പ്രതിരോധ കുത്തിവയ്പെടുക്കുന്നത് നല്ലതാണ്. | രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുക.<br>ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്ന് കഴിക്കുകയും വിശ്രമിക്കുകയും ചെയ്യുക. |
| **ചിക്കുൻഗുനിയ \| Chikungunya**<br>ലക്ഷണങ്ങൾ: കടുത്ത പനി, സന്ധിവേദന, സന്ധികളിൽ നീര്, തൊലിയിൽ തടിപ്പുകൾ.<br>പകർച്ച: പകൽ സമയത്ത് കടിക്കുന്ന കൊതുക് വഴി.<br><br>(വീട്ടിലും പരിസരങ്ങളിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു) | കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുക.<br>വീട്ടിലും പരിസരങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കൊതുക് കടക്കാത്ത വിധം ജനലുകളിലും വാതിലുകളിലും വല പിടിപ്പിക്കുക.<br>ആഴ്ചതോറും ഡ്രൈ ഡേ നടപ്പാക്കുക. | കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ തേടുക.<br>രോഗമുള്ളവർ കൊതുകുവലയ്ക്കുള്ളിൽ കിടക്കുന്നത് മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് ഒഴിവാക്കും. |
| **എലിപ്പനി \| Leptospirosis**<br>ലക്ഷണങ്ങൾ: പെട്ടെന്നുള്ള കടുത്ത പനി, വിറയൽ, തലവേദന, പേശിവേദന.<br>പകർച്ച: എലി, കന്നുകാലി, നായ്ക്കൾ, പന്നി തുടങ്ങിയ മൃഗങ്ങളുടെ മൂത്രത്തിലൂടെ രോഗകാരിയായ ബാക്ടീരിയ മണ്ണിലും വെള്ളത്തിലും കലരുന്നു. അതുമായി നേരിട്ട് സമ്പർക്കത്തിൽ വരുമ്പോൾ മനുഷ്യ ശരീരത്തിലെ പോറലുകളിലൂടെയും മുറിവുകളിലൂടെയും രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നു. | ശരീരത്തിൽ മുറിവുകൾ ഉള്ളവർ മലിനജല സമ്പർക്കം ഒഴിവാക്കുക. നിർമ്മാണ, ശുചീകരണ തൊഴിലാളികളും കൃഷിപ്പണിക്കാരും വ്യക്തിഗത സുരക്ഷയ്ക്കായി ബൂട്ട്, കൈയുറ എന്നിവ ഉപയോഗിക്കുക.<br><br>എലിപ്പനിക്കെതിരെ 'ഡോക്സിസൈക്ലിൻ' പ്രതിരോധ ഗുളികൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. | എലിപ്പനി പടരുന്ന മാസങ്ങളിലോ പ്രദേശങ്ങളിലോ രോഗലക്ഷണങ്ങൾ കണ്ടാൽ അടിയന്തിരമായി ചികിത്സ തേടുക.<br>ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മരുന്ന് കഴിക്കുക. |
